(ബി) ജപ്പാൻ സഹായത്തോടുകൂടി നടപ്പിലാക്കിവരുന്ന കോഴിക്കോടിനും സമീപ പഞ്ചായത്തുകൾക്കും കൂടിയുള്ള ശുദ്ധജല വിതരണ പദ്ധതി പൂർണ്ണതോതിൽ കമ്മീഷൻ ചെയ്തശേഷം ഫറോക്ക് പഞ്ചായത്തിനെ ഉൾപ്പെടുത്തുന്നതിനുള്ള 4.00 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

(സി) രാമനാട്ടുകര പഞ്ചായത്തിനെ ചീക്കോട് പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള സാധ്യതാ പഠനം നടത്തിവരുന്നു.

(ഡി) ചീക്കോട് കുടിവെള്ള പദ്ധതിയുടെ സ്ഥിതിവിവരം അനുബന്ധമായി ചേർക്കുന്നു.* വൈദ്യുതി കണക്ഷൻ ലഭ്യമാകുന്ന മുറയ്ക്ക് ട്രയൽ റണ്ണിംഗ് നടത്തിവരുന്നതാണ്. 2015 മെയ് മാസത്തോടെ ഈ പദ്ധതി കമ്മീഷൻ ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്.

കീരമ്പാറ കുടിവെള്ള പദ്ധതി

168 (860) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം നിയോജകമണ്ഡലത്തിലെ കീരമ്പാറ കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) കീരമ്പാറ കുടിവെള്ള പദ്ധതിക്കുവേണ്ടിയുള്ള കിണറും ജലശുദ്ധീകരണ ശാലയും നിർമ്മിക്കുന്നതിനുള്ള 1.25 ഏക്കർ സ്ഥലം ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിൽ നിന്നും വാട്ടർ അതോറിറ്റിക്ക് ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകുവാനും അതിനുശേഷം ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് രണ്ട് വർഷത്തിനുള്ളിൽ പദ്ധതി കമ്മീഷൻ ചെയ്യുവാനും ഉദ്ദേശിക്കുന്നു.

ജപ്പാൻ കുടിവെള്ള പദ്ധതി

169 (861) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി പൈപ്പ് ലൈനുകൾ നിരന്തരം പൊട്ടി റോഡുകളും വീടുകളും നാശപ്പെടുന്നത് പൈപ്പ് ലൈനുകളുടെ ഗുണനിലവാരം കുറഞ്ഞതിനാലാണെന്നും അതിൽ അഴിമതിയുണ്ടോയെന്ന് പരിശോധിക്കണമെന്നുമുള്ള

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യങ്ങൾ പരിഗണിച്ച് അന്വേഷണത്തിന് വിജിലൻസിനെ ചുമതലപ്പെടുത്തിയിരുന്നോ ; വിജിലൻസിന്റെ കണ്ടെത്തൽ എന്തായിരുന്നു ; ഇത് സംബന്ധിച്ച അന്വേഷണത്തിൽ കുറ്റക്കാരായ ആർക്കെല്ലാം എതിരെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ജൈക്ക പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം, മീനാട്, കോഴിക്കോട്, പട്ടുവം എന്നീ പദ്ധതികളിൽ സ്ഥാപിച്ച പൈപ്പുകൾ ഗുണനിലവാരക്കുറവുമൂലം പൊട്ടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ചേർത്തല പദ്ധതിയുടെ റോ-വാട്ടർ ഗ്രാവിറ്റി മെയിനിന്റെ ഭാഗമായി സ്ഥാപിച്ചിട്ടുള്ള ജി.ആർ.പി. പൈപ്പ് ലൈനിൽ (1100 എം.എം.) ഏതാനും പൊട്ടലുകൾ ഉണ്ടായിട്ടുണ്ട്. അവ പരിഹരിച്ചിട്ടുണ്ട്. എന്നാൽ മറവൻതുരുത്ത് പഞ്ചായത്തിൽ ജി.ആർ.പി. പൈപ്പ് മാറ്റുന്ന പ്രശ്നം പരിഹരിക്കേണ്ടതായിട്ടുണ്ട്. ഇതുസംബന്ധമായി ഡിപ്പാർട്ടുമെന്റ് തലത്തിൽ അന്വേഷണം നടന്നുവരുന്നു. ടി വിഷയത്തിൽ അന്വേഷണത്തിന് വിജിലൻസിനെ ചുമതലപ്പെടുത്തിയിട്ടില്ല.

കായംകുളം മണ്ഡലത്തിലെ വരൾച്ചാ ദുരിതാശ്വാസ പ്രവൃത്തികൾ

170 (862) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം മണ്ഡലത്തിൽ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി 2012, 2013, 2014 വർഷങ്ങളിൽ എത്ര തുകയാണ് അനുവദിച്ചിരുന്നത് ;

(ബി) ഏതൊക്കെ പ്രവൃത്തികളാണ് ഇതിൽ ഉൾപ്പെടുത്തിയിരുന്നത് ;

(സി) ഇതിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ, പൂർത്തീകരിച്ചവ, പൂർത്തീകരിക്കാനുള്ളവ എന്ന് വർഷം തിരിച്ച് വിശദമാക്കാമോ ?

ഉത്തരം

(എ) കേരള ജല അതോറിറ്റി

കായംകുളം മണ്ഡലത്തിൽ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി അനുവർത്തിച്ചിരിക്കുന്ന തുക താഴെപ്പറയുന്നു :

2012 - തുക അനുവദിച്ചിട്ടില്ല

2013 - 32.6 ലക്ഷം രൂപ

2014 - 30.75 "

LIBRARY ARCHIVES Kerala Legislative Assembly